**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/3957/2021-TA1 തീയതി :**24/12/2021**

**പരിപത്രം**

വിഷയം:- നെൽകൃഷി വികസന പദ്ധതി 2021-22- നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി - പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ- ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സൂചന:- 1) കൃഷി ഡയറക്ടറുടെ 20/10/2021 ലെ ഉത്തരവ് നമ്പർ ADFW/3957/2021-TA1
2) സർക്കാർ ഉത്തരവ് G.O.(Rt) No.976/2021/AGRI തീയതി 03.12.2021

2021-22 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ "നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി " (Royalty for owners of cultivable paddy land) എന്ന ഘടക പദ്ധതി നടപ്പിലാക്കുന്നതിന് സൂചന 1 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗരേഖയിൽ, നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്ക് (owners of cultivable paddy land) ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി ഒറ്റത്തവണ മാത്രം നൽകുന്ന ആനുകൂല്യമായതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഈ ആനുകൂല്യം നല്കിക്കഴിഞ്ഞ അപേക്ഷകൾ 2021-22 വർഷത്തിൽ പരിഗണിക്കേണ്ടതില്ല എന്നു നിർദേശിച്ചിരുന്നു.

എന്നാൽ സൂചന 2 ലെ ഉത്തരവിൽ, നെൽകൃഷിയിൽ കർഷകർ തുടരുന്നതിന് നെൽകൃഷി ആദായകരമാകേണ്ടതുണ്ടെന്നും, റോയൽറ്റിയായി നൽകുന്ന തുക എല്ലാ വർഷവും നൽകുകയാണെങ്കിൽ കൂടുതൽ കർഷകർ നെൽകൃഷിയിൽ തുടരും എന്നതിനാൽ കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെ ഉടമസ്ഥർക്ക് ഹെക്ടർ ഒന്നിന് 2000 രൂപ നിരക്കിൽ റോയൽറ്റി എല്ലാ വർഷവും, വർഷത്തിൽ ഒരു തവണ നൽകുവാൻ സർക്കാർ അനുമതി നൽകിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ സൂചന 1 പ്രവർത്തന മാർഗ്ഗരേഖയിൽ നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി' ഒറ്റത്തവണ മാത്രം നൽകുന്ന ആനുകൂല്യമാണെന്ന പരാമർശം ഒഴിവാക്കി കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെ ഉടമസ്ഥർക്ക് ഹെക്ടർ ഒന്നിന് 2000 രൂപ നിരക്കിൽ എല്ലാ വർഷവും, വർഷത്തിൽ ഒരു തവണ റോയൽറ്റി നൽകുവാൻ ഇതിനാൽ നിർദേശിക്കുന്നു. ഈ

ഭേദഗതി ഒഴികെ സൂചന 1 ലെ പ്രവർത്തന മാർഗ്ഗരേഖയിലെ ബാക്കി എല്ലാ നിർദേശങ്ങളും അതേപടി നിലനിൽക്കുന്നതാണ്.

SUBHASH T.V. IAS
DIRECTOR
കൃഷി ഡയറക്ടർ

Additional Director of Agriculture (CP)

To

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും

പകർപ്പ്:

എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും
എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ- പ്രചാരണം നൽകുന്നതിനായി
കൃഷി ഡയറക്ടറുടെ ടി.എ.
ഐ . ടി. സെൽ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും